**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1639** | **11-09-2023 - ൽ മറുപടിയ്ക്ക്**

**ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതിയുമായി ബന്ധപ്പെട്ട 12/02/2020 ലെ സ.ഉ.(സാധാ) നം. 552/2020/റവ, 09/12/2021 ലെ സ.ഉ.(പി) നം. 204/2021/റവ, 16/06/2022 ലെ സ.ഉ.(സാധാ) നം.2626/2022/റവ സർക്കാർ ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ? | (ബി) | ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നത് വഴി ഒരു ഭൂ ഉടമയുടെ പേരിൽ സംസ്ഥാ നത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാവുകയും ആയത് വഴി ജനങ്ങൾക്ക് സുഗമവും സുതാര്യവുമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിന് സാധിക്കുന്നതുമാണ്. യുണീക് തണ്ടപ്പേർ ഉപയോഗിച്ച് ഏതൊരു വ്യക്തിക്കോ അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനോ ആധാർ നമ്പറോ യുണീക്ക് തണ്ടപ്പേർ നമ്പറോ ഉപയോഗിച്ച് സംസ്ഥാനതലത്തിൽ ഒരാളുടെ കൈവശത്തിലുള്ള ഭൂമി സെർച്ച് ചെയ്യുന്നതിനും, ആധാർ നമ്പർ സെർച്ച് ചെയ്ത് ലഭിക്കുന്ന റിസൾട്ടിൽ ഒറ്റക്കോ, കൂട്ടവകാശമായതോ ആയ എല്ലാ ഭൂമിയും ലിസ്റ്റ് ചെയ്യുന്നതിനും, യുണീക്ക് തണ്ടപ്പേർ സെർച്ച് ചെയ്ത് ലഭിക്കുന്ന റിസൾട്ടിൽ ടി പേരിലുള്ള എല്ലാ ലാൻഡ് പാർസലുകളും ലിസ്റ്റ് ചെയ്യുന്നതിനും സാധ്യമാക്കുന്നതിന് വണ്ടിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇപ്രകാരം, ഭൂപരിഷ്കരണ നിയമ പ്രകാരം പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വച്ചിട്ടുള്ളത് കണ്ടെത്തുന്നതിന് സഹായകരമാകുന്നതാണ്. സംസ്ഥാനത്തെ ഏതൊരു കൈവശക്കാരനും അയാളുടെ ഭൂമിയുടെ സർവ്വെ നമ്പരും മറ്റ് വിവരങ്ങളും ഓർമ്മയിൽ സൂക്ഷിക്കാതെ ആധാർ നമ്പർ ഉപയോഗിച്ച് അറിയാൻ കഴിയുന്നതാണ്. കൈവശക്കാരന്റെ |

| | | | |
|---|---|---|---|
| | | | ആധാരങ്ങളുടെ പകർപ്പും കരം തീർത്ത രസീതും ഭൂമിയുടെ സ്കെച്ചും തുടങ്ങി ഭൂമി സംബന്ധമായ എല്ലാ വിവരങ്ങളും പെട്ടെന്ന് ലഭിക്കാൻ സാധിക്കും. ഭൂമി സംബന്ധമായ റവന്യൂ രേഖകൾ കാര്യക്ഷമമാക്കൽ, ഗുണഭോക്താക്കൾക്ക് മികച്ച ഓൺലൈൻ സേവനങ്ങൾ നൽകൽ, ഭൂരേഖകളിൽ കൃത്യത നിലനിർത്തൽ, അനർഹരായ ആളുകളെ കണ്ടെത്തൽ തുടങ്ങിയ പ്രവ ർത്തനങ്ങൾക്ക് പദ്ധതി സഹായകമാകും. ഭൂമിയുടെ വിശദാംശങ്ങൾ മറച്ചുവെക്കുക, വിവിധ റവന്യൂ നിയമങ്ങൾ ദുരുപയോഗം ചെയ്യുക തുടങ്ങിയവയിലൂടെയുള്ള നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനും പ്രസ്തുത പദ്ധതി സഹായിക്കും. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - സംസ്ഥാനത്തെ ഓരോ പൗരനും സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ നടപ്പിലാക്കുന്നതിനായി ReLIS സോഫ്റ്റ് വെയറിൽ ഭൂവുടമകളുടെ വിവരങ്ങൾ ആധാർ നമ്പരുമായി ബന്ധിപ്പിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഇ) വകുപ്പ്

**സ.ഉ.(സാധാ) നം.552/2020/റവ.** തീയതി,തിരുവനന്തപുരം, 12/02/2020

---

പരാമർശം:- 16/11/2019 ലെ ലാന്റ് റവന്യൂ കമ്മീഷണറുടെ എൽ.ആർ (ഐ.റ്റി.സെൽ)8168/2019 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ പൗരൻമാർക്കും ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ നടപ്പിലാക്കുന്നതിനായി ReLIS സോഫ്റ്റ് വെയറിൽ ഭൂവുടമകളുടെ വിവരങ്ങൾ ആധാർ നമ്പരുമായി ബന്ധിപ്പിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ ഓരോ പൗരനും സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ നടപ്പിലാക്കുന്നതിനായി ReLIS സോഫ്റ്റ് വെയറിൽ ഭൂവുടമകളുടെ വിവരങ്ങൾ ആധാർ നമ്പരുമായി ബന്ധിപ്പിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
**പ്രിൻസിപ്പൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
സർവ്വേ ഡയറക്ടർ, തിരുവനന്തപുരം
ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ ആധിഷ്ഠിത യുണീക് തണ്ടപ്പേർ നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകികൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.2626/2022/RD തീയതി,തിരുവനന്തപുരം, 16-06-2022

---

പരാമർശം:- 1. 12/02/2020 ലെ സ.ഉ.(സാധാ) 552/2020/റവ

2 09/12/2021 ലെ സ.ഉ.(പി) 204/2021/റവ

3. 11/05/2022 ലെ ലാന്റ് റവന്യൂ കമ്മീഷണറുടെ LR/15/2020-SC2(IT Cell) നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ ഓരോ പൗരനും സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ ആധിഷ്ഠിത യുണീക് തണ്ടപ്പേർ നടപ്പിലാക്കുന്നതിനായി ReLIS' എന്ന സോഫ്റ്റ് വെയറിൽ ഭൂവുടമകളുടെ വിവരങ്ങൾ ആധാർ നമ്പരുമായി ബന്ധിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. തുടർന്ന് യൂണിക് തണ്ടപ്പേർ സംവിധാനത്തിൽ ആധാർ ഉപയോഗിക്കുന്നതിനുള്ള അനുമതിയ്ക്കായി കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുകയും ആയത് പ്രകാരം Aadhaar Authentication for Good Governance Social Welfare, Innovation, Knowledge) Rules, 2020 Rule 5 എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ആധാർ ഡാറ്റ ലാൻഡ് റെക്കോർഡ്സ് പോർട്ടലിൽ ഉപയോഗിക്കുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി പൊതുജനങ്ങളുടെ അറിയിവിലേക്കായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്ന് പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

1. ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈലിലൂടെ ലഭ്യമാകുന്ന OTP ഉപയോഗിച്ച് https://www.revenue.kerala.gov.in എന്ന വെബ് സൈറ്റിലൂടെ ഓൺലൈനായോ, ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ നേരിട്ട് എത്തി ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈലിലൂടെ ലഭ്യമാകുന്ന OTP മുഖാന്തിരമോ വില്ലേജാഫീസുകളിലെ ബയോമെട്രിക് സംവിധാനത്തിൽ വിരലടയാളം പതിപ്പിച്ചോ ഭൂവുടമകൾക്ക് അവരുടെ തണ്ടപ്പേരിനെ ആധാറുമായി ബന്ധിപ്പിക്കാവുന്നതാണ്.
2. 16/06/2022 മുതൽ 1 വർഷത്തേയ്ക്ക് മൊബൈലിലൂടെ ലഭ്യമാകുന്ന OTP മുഖാന്തിരം

ആധാറുമായി ബന്ധിപ്പിക്കാവുന്നതാണ്.

3. ആധാറുമായി ബന്ധിപ്പിക്കുന്നതിനുള്ള അപേക്ഷ ലഭിക്കുമ്പോൾ വില്ലേജാഫീസർ ആയത് പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് 12 അക്ക യുണിക്ക് തണ്ടപ്പേർ നമ്പർ അനുവദിക്കുന്നതാണ്.
4. യുണീക്ക് തണ്ടപ്പേർ നമ്പർ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ടി നമ്പർ ആധാരത്തിൽ രേഖപ്പെടുത്താവുന്നതാണ്.
5. ആധാർ നമ്പർ ഇല്ലാത്ത ഭൂവുടമകൾക്ക് നിലവിൽ ലഭ്യമായിട്ടുള്ള തണ്ടപ്പേർ അക്കൗണ്ട് തുടരുകയും ആധാർ നമ്പർ ലഭ്യമാകുന്ന മുറയ്ക്ക് തണ്ടപ്പേർ അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.
6. യുണീക്ക് തണ്ടപ്പേർ അക്കൗണ്ടിന്റെ നിശ്ചിത മാതൃകയിൽ തന്നെ യുണീക്ക് തണ്ടപ്പേർ അനുവദിച്ചിട്ടുള്ള ഭൂവുടമകൾക്ക് യുണീക്ക് തണ്ടപ്പേർ അക്കൗണ്ട് അനുവദിക്കേണ്ടതാണ്.
7. ആധാർ തണ്ടപ്പേരുമായി ബന്ധിപ്പിക്കുന്നത് അംഗീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങൾ ലാൻഡ് റവന്യൂ കമ്മീഷണർ എല്ലാ വില്ലേജാഫീസർമാർക്കും നൽകേണ്ടതാണ്.
8. നിലവിൽ തണ്ടപ്പേർ പകർപ്പിന് ഈടാക്കുന്ന തുക തന്നെ യൂണിക് തണ്ടപ്പേർ പകർപ്പിനും ഈടാക്കാവുന്നതാണ്.
9. ഭൂമിയുടെ രജിസ്ട്രേഷൻ സമയത്ത് യുണിക്ക് തണ്ടപ്പേർ നിലവിലുള്ള കേസുകളിൽ യുണീക്ക് തണ്ടപ്പേർ നമ്പർ ഉൾപ്പെടുത്താവുന്നതാണ്. അതിനായി റവന്യൂ രജിസ്ട്രേഷൻ വകുപ്പുകൾ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാരി രാജൻ
സ്പെഷ്യൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
സർവ്വെ ഡയറക്ടർ, തിരുവനന്തപുരം
ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by J Vijayanath
Date: 16-06-2022 15:16:19
സെക്ഷൻ ഓഫീസർ